# എൻ.എസ്.എസ്. പ്രതിനിധിസഭയിലേക്കുള്ള തിരഞ്ഞെടുപ്പ്

നായർ സർവീസ് സൊസൈറ്റിയുടെ പ്രതിനിധിസഭയാണ് അതിന്റെ പരമാധികാരസഭ. കാലാകാലങ്ങളിൽ സ്ഥിരമെമ്പർമാർ അടക്കമുള്ള വ്യക്തിമെമ്പർമാർ, എൻ.എസ്.എസ്. കരയോഗങ്ങളിൽനിന്നുമുള്ള ഇലക്ട്റൽ റോൾ മെമ്പർമാർ എന്നിവരിൽനിന്നും തിരഞ്ഞെടുക്കുന്ന പരമാവധി 300 പ്രതിനിധിസഭാംഗങ്ങളാണ് ഈ സഭയിലുള്ളത്. പ്രതിനിധിസഭാംഗങ്ങളുടെ എണ്ണം 300-ൽ കവിയാൻ പാടില്ല എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുസരിച്ച് ഓരോവർഷവും വ്യക്തിമെമ്പർമാരുടെയും സ്ഥാപനമെമ്പർമാരുടെയും വിഭാഗങ്ങളിൽനിന്ന് നിശ്ചിത അനുപാതത്തിൽ, പ്രത്യേകം പ്രത്യേകം നാമനിർദ്ദേശത്തിലൂടെ താലൂക്കടിസ്ഥാനത്തിൽ അംഗങ്ങളെ തിരഞ്ഞെടുക്കുകയാണ് പതിവ്. ഒരിക്കൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മൂന്നു വർഷത്തെ കാലാവധിയാണുള്ളത്. എന്നാൽ, ആകെയുള്ള 300 പേരിൽ മൂന്നിലൊന്നുഭാഗം ഓരോ വർഷവും റിട്ടയർ ചെയ്യുമെന്നുള്ളതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. ഓരോ വർഷവും ഒഴിവുവരുന്ന സ്ഥാനങ്ങളിലേക്ക് വ്യക്തിയാകട്ടെ, സ്ഥാപനമാകട്ടെ താലൂക്കുതലങ്ങളിലാണ് തിരഞ്ഞെടുപ്പു നടക്കുക.

ജനാധിപത്യവ്യവസ്ഥിതിയോടുകൂടിയ തിരഞ്ഞെടുപ്പുചട്ടമനുസരിച്ചാണ് എല്ലാവർഷവും തിരഞ്ഞെടുപ്പുകൾ നടക്കുക. അതിന്റെ പൂർണ്ണമായ മേൽനോട്ടം വഹിക്കുന്നത് എൻ.എസ്.എസ്. എക്സിക്യൂട്ടീവ് കൗൺസിൽ ഓരോ വർഷവും നിയോഗിക്കുന്ന ഒരു ഇലക്ഷൻ കമ്മീഷനാണ്. തിരഞ്ഞെടുപ്പു സംബന്ധിച്ചിട്ടുള്ള എല്ലാ ചുമതലകളും ഈ കമ്മീഷനിൽ അധിഷ്ഠിതമാണ്. ഇലക്ഷൻ സംബന്ധിച്ചുള്ള പരാതികൾ കേൾക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഈ കമ്മീഷനാണ് ഉള്ളത്. താലൂക്കടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിന്റെ ചുമതല ഇലക്ഷൻ നിയോഗിക്കുന്ന ഇലക്ഷൻ ആഫീസർമാരാണ് വഹിക്കുന്നത്.

സംസ്ഥാനത്തെ 60 താലൂക്ക് യൂണിയനുകളിൽനിന്നുമായി 5134 സ്ഥാപനമെമ്പർമാരും 624 വ്യക്തിമെമ്പർമാരുമാണ് ഈ വർഷമുള്ളത്. 17:1 എന്ന അനുപാതത്തിൽ കണക്കാക്കുമ്പോൾ സ്ഥാപനപ്രതിനിധികളുടെ മണ്ഡലത്തിൽ 88 ഒഴിവുകളും വ്യക്തിപ്രതിനിധികളുടെ മണ്ഡലത്തിൽ 8 ഒഴിവുകളുമാണ് 42 താലൂക്ക് യൂണിയനുകളിൽനിന്നുമായി ഉണ്ടായത്. ബാക്കി 18 താലൂക്ക് യൂണിയനുകളിൽ ഈ വർഷം തിരഞ്ഞെടുപ്പ് ഉണ്ടായിരുന്നില്ല.

തിരഞ്ഞെടുപ്പുചട്ടപ്രകാരം എൻ.എസ്.എസ്. ഇലക്ഷൻ കമ്മീഷന്റെ തിരഞ്ഞെടുപ്പുവിജ്ഞാപനം 25.1.2017-ൽ പുറപ്പെടുവിച്ചു. 12.3.2017-ൽ തിരഞ്ഞെടുപ്പ് നടക്കത്തക്കവിധം ഷെഡ്യൂൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനമാണ് പുറപ്പെടുവിച്ചത്. നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ട അവസാന തീയതി 1.3.2017 രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ആയിരുന്നു. നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള സമയം 4.3.2017 ഉച്ചയ്ക്ക് 1 മണി വരെയും. പിൻവലിക്കാനുള്ള സമയം അവസാനിച്ചപ്പോൾതന്നെ 38 താലൂക്ക് യൂണിയനുകളിൽനിന്നും 87 പേർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു എന്ന സവിശേഷത ഈ വർഷത്തെ എൻ.എസ്.എസ്. പ്രതിനിധിസഭാതിരഞ്ഞെടുപ്പിനുണ്ട്.

ആകെയുണ്ടായിരുന്ന 96 ഒഴിവുകളിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട 87 പേർ ഒഴിച്ച് 4 താലൂക്ക് യൂണിയനുകളിൽ 9 ഒഴിവുകളിലേക്കു മാത്രമാണ് 12.3.2017-ൽ വോട്ടെടുപ്പ് വേണ്ടിവന്നത്. പത്തനംതിട്ട, ചെങ്ങന്നൂർ, മൂവാറ്റുപുഴ, കുന്നത്തുനാട് എന്നീ താലൂക്കുകളിലാണ് വോട്ടെടുപ്പ് നടന്നത്.

ഇത് സൂചിപ്പിക്കുന്നത് സമുദായാംഗങ്ങളുടെ ആത്മവിശ്വാസവും സമുദായാചാര്യനോടുള്ള ഭക്തിയും ആദരവും സംഘടനയോടുള്ള സ്നേഹവും വിശ്വാസവും ആണ്. അതിനുകാരണം, സമുദായാചാര്യന്റെ ആദർശങ്ങളെയും ദർശനങ്ങളെയും കൈവിടാതെയുള്ള പ്രവർത്തനം കാഴ്ചവെക്കാൻ നായർ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിന് ഇന്നും കഴിയുന്നു എന്നതാണ്.